**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3618** **08-10-2025 - ൽ മറുപടിയ്ക്ക്**

**വയനാട്ടിലെ ദുരന്തബാധിതർക്കുള്ള ടൗൺഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മുണ്ടക്കൈ -ചൂരൽമല ദുരന്തബാധിതർക്കുള്ള ടൗൺഷിപ്പിൽ വീട് നൽകുന്നതിന് തയ്യാറാക്കിയ ഗുണഭോക്താക്കളുടെ ലിസ്റ്റിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നടക്കമുള്ള അനർഹർ കടന്നു കൂടിയതായി സർക്കാർ കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | മുണ്ടക്കൈ -ചൂരൽമല ദുരന്ത ബാധിതർക്കുള്ള ടൗൺഷിപ്പിൽ വീട് നൽകുന്നതിന് തയ്യാറാക്കിയ ഗുണഭോക്താക്കളുടെ ലിസ്റ്റിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള അനർഹർ കടന്നു കൂടിയതായി കണ്ടെത്തിയിട്ടില്ല. |
| (ബി) | ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിന് സർക്കാർ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | മൂന്ന് ഫെയ്സുകളിലായി പുനരധിവാസ ലിസ്റ്റ് തയ്യാറാക്കുന്നതിനായി താഴെ ചേർക്കുന്ന സർക്കാർ ഉത്തരവുകളും, നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>1. സ. ഉ (സാധാ) നം. 866/2024/ഡി എം ഡി തീയതി 26/11/2024<br><br>2. സ. ഉ (സാധാ)നം. 10/2025/ഡി എം ഡി തീയതി 04/01/2025<br><br>3. സ. ഉ (കൈ)നം. 3/2025/ഡി എം ഡി തീയതി 28/02/2025<br><br>4. സ. ഉ (കൈ)നം. 14/2025/ഡി എം ഡി തീയതി 01/08/2025<br><br>5. ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 04/02/2025 തീയതിയിലെ No.DMA2/41/2025-DMD നമ്പർ കത്ത്.<br><br>ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നതിന്റെ ഭാഗമായി ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത മേൽ ഉത്തരവുകളുടെ കൂടി അടിസ്ഥാനത്തിൽ മൂന്ന് വിഭാഗങ്ങളായി തിരിച്ചു. ദുരന്ത ഭൂമിയിൽ ഉൾപ്പെട്ടതും, പൂർണ്ണമായി തകർന്ന വീടുകളുടെ ഉടമസ്ഥന്മാരെയാണ് ഫേസ് ഒന്നായി ഉൾപ്പെടുത്തിയത്. ഡോ. ജോൺ മത്തായിയുടെ നേതൃത്വത്തിലുള്ള ഭൗമ ശാസ്ത്ര സംഘം നോ-ഗോ-സോൺ ആയി കണ്ടെത്തിയിട്ടുള്ള സ്ഥാനത്ത് |

| | | | |
|---|---|---|---|
| | | | ഉൾപ്പെട്ടിട്ടുള്ള വീടുകൾ (തകർന്നിട്ടില്ലെങ്കിലും ആ മേഖലയിലേക്ക് പോകാൻ കഴിയാത്ത സാഹചര്യത്തിൽ) ഫേസ് രണ്ട് ആയും, നോ-ഗോ-സോണിൽ ഉൾപ്പെട്ടതല്ലെങ്കിലും അതിനോട് ചേർന്ന് 50 മീറ്ററിനുള്ളിൽ ഉൾപ്പെടുന്ന ഒറ്റപ്പെട്ട വീടുകൾ 2B ആയും ആണ് ഗുണഭോക്തൃ പട്ടികയ്ക്കായി പരിഗണിച്ചത്. ഓരോ ഗണത്തിലുംപ്പെട്ട ഗുണഭോക്താക്കളെ റവന്യൂ- തദ്ദേശ വകുപ്പുകൾ ആദ്യം പ്രത്യേകമായി പട്ടിക തയ്യാറാക്കി ഇരു വകുപ്പുകളും സംയോജിപ്പിച്ച് പൊതു പട്ടിക തയ്യാറാക്കി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി (DDMA) പരിശോധിച്ച് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. പ്രസിദ്ധീകരിക്കപ്പെട്ട ലിസ്റ്റിന്റെ പകർപ്പ് പഞ്ചായത്ത്, റവന്യൂ ഓഫീസുകളിൽ പ്രദർശിപ്പിക്കുകയും നിശ്ചിത സമയത്ത് ആക്ഷേപങ്ങൾ സ്വീകരിക്കുകയും ചെയ്തു. ലഭിച്ച ആക്ഷേപങ്ങളിൽ സബ് കളക്ടറുടെ നേതൃത്വത്തിലുള്ള സംഘം നേരിട്ട് പരിശോധിച്ച് അന്തിമ പട്ടിക DDMA മുൻപാകെ സമർപ്പിച്ച്, DDMA തീരുമാന പ്രകാരം പട്ടിക പ്രസിദ്ധീകരിച്ചു. മൂന്ന് ഫേസുകളിലും ഇതേ നിലവാരത്തിലാണ് പട്ടിക പ്രസിദ്ധീകരിച്ചത്. ഇതെല്ലാം ചേർന്ന് 402 പേരാണ് പട്ടികയിൽ ഉൾപ്പെട്ടത്. ഇതിനുപുറമെ സർക്കാരിലേക്ക് ലഭിച്ച പരാതികളിൽ DDMA ശുപാർശ ചെയ്ത 49 എണ്ണം കൂടി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഇതു സംബന്ധിച്ച് ഏതൊക്കെ ഉദ്യോഗസ്ഥരാണ് ചുമതല വഹിച്ചതെന്ന് പേരും തസ്തികയും സഹിതം വിശദീകരിക്കാമോ; | (സി) | 1. സബ് കളക്ടർ മാനന്തവാടി - ശ്രീ. മിസാൽ സാഗർ ഐ എ എസ്<br><br>2. സ്പെഷ്യൽ ഓഫീസർ മുണ്ടക്കൈ ചൂരൽമല പുനരധിവാസം - ഡോ. അരുൺ. ജെ ഒ . ഐ എ എസ്<br><br>3. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർപേഴ്സൺ ശ്രീമതി. ഡി. ആർ. മേഘശ്രീ ഐ എ എസ്<br><br><u>അപ്പീൽ അപേക്ഷകൾ തീർപ്പാക്കുന്നതിനായി താഴെ പറയുന്നവർ :</u><br><br>4. ലാന്റ് റവന്യൂ ജോയിന്റ് കമ്മീഷണർ – ശ്രീമതി. ഗീത ഐ എ എസ്.<br><br>5. റവന്യൂ ഡിപ്പാർട്ട്മെന്റ്, അഡീഷണൽ സെക്രട്ടറി - ശ്രീ. ഗോപകുമാർ ആർ. എൽ<br><br>6. ഡിസാസ്റ്റർ മാനേജ്മെന്റ് ഡിപ്പാർട്ട്മെന്റ് അണ്ടർ സെക്രട്ടറി - ശ്രീമതി. പൂജലാൽ കെ എ എസ്. |

| | | | |
|---|---|---|---|
| (ഡി) | ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിന് കൈക്കൂലി വാങ്ങിയതായി കണ്ടെത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തികയും വ്യക്തമാക്കാമോ; അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ഡി) | ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിനായി ഉദ്യോഗസ്ഥർ കൈക്കൂലി വാങ്ങിയതായി കണ്ടെത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ